**കേരള സർക്കാർ**

നം.2095222/പി.ആർ.യു 2/17/ 2022/ധന

ധനകാര്യ (പി.ആർ.യു) വകുപ്പ്
തിരുവനന്തപുരം
തീയതി: 22.08.2022

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

ജനറൽ സെക്രട്ടറി
എ കെ പി സി റ്റി എ
മാതൃഭൂമി റോഡ്
വഞ്ചിയൂർ, തിരുവനന്തപുരം.

കെ പി സി റ്റി എ
കെ പി സി റ്റി എ മന്ദിരം, റ്റി സി -25/2814
എം ബി ആർ ആർ എ 36,
മാതൃഭൂമി റോഡ്, വഞ്ചിയൂർ
തിരുവനന്തപുരം -69 50 35.

സർ,

**വിഷയം:-** കോളേജ് അദ്ധ്യാപകരുടെ മരവിപ്പിച്ച ക്ഷാമബത്തയും ക്ഷാമാശ്വാസവും അനുവദിക്കുന്നത് – സംബന്ധിച്ച്.

**സൂചന:-** താങ്കൾ ബഹു.ധനമന്ത്രിക്ക് സമർപ്പിച്ച 10/0[illegible]/2022, 19/04/2022 തീയതികളിലെ നിവേദനം.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. യു.ജി.സി ശമ്പള പരിഷ്കരണം (7th CPC) നടപ്പിലാക്കിയതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽ നിന്നും 750 കോടി രൂപ കടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട് എന്ന വിവരം അറിയിക്കുന്നതോടൊപ്പം യു ജി സി സ്കെയിലിൽ ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധനയിലാണെന്നുള്ള വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ
**നിരഞ്ജന ടി പി**
**അണ്ടർ സെക്രട്ടറി**
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1678** **31-08-2022 - ൽ മറുപടിയ്ക്ക്**

**യു.ജി.സി. ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിലെ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. ഏഴാംശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് എത്ര രൂപയുടെ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്; പ്രസ്തുത കേന്ദ്രസഹായം എന്നാണ് ലഭിച്ചത്; വ്യക്തമാക്കുമോ; | (എ) | യു.ജി.സി ഏഴാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം അനുവദിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സാമ്പത്തിക സഹായം ലഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണ്; എത്ര തുകയ്ക്കുള്ള കേന്ദ്ര സഹായമാണ് ലഭിക്കാതിരുന്നത്; വ്യക്തമാക്കുമോ; | (ബി) | ഏഴാം ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതു മൂലമുള്ള സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് 750 കോടിയുടെ Reimbursement പ്രപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാന സർക്കാരുകൾ സമർപ്പിച്ച മിക്ക പ്രൊപ്പോസലുകളും പൂർണ്ണമായതോ കൃത്യതയുള്ളതോ അല്ലാത്തതിനാൽ കേന്ദ്രസഹായം നൽകാൻ കഴിഞ്ഞിട്ടില്ലെന്നും കൂടാതെ 31.03.2022 ന ശേഷം സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ പരിഗണിച്ചിട്ടില്ലെന്നും, യു.ജി.സി ശമ്പളപരിഷ്കരണത്തിന് 50% തുക Reimburse ചെയ്യുന്ന പദ്ധതി 01.04.2022 മുതൽ നിർത്തലാക്കിയതായും കേരളമടക്കമുള്ള 22 സംസ്ഥാനങ്ങളെ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കേന്ദ്രസഹായം ലഭിക്കാതിരുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർ ആരാണ്; ഈ വിഷയത്തിലെ ഗുരുതരമായ വീഴ്ച കണ്ടെത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്തം ചുമത്തിയിട്ടുണ്ടോ; | (സി) | ഏഴാം ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതു മൂലമുള്ള സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് 750 കോടിയുടെ Reimbursement പ്രപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാന സർക്കാരുകൾ സമർപ്പിച്ച മിക്ക പ്രൊപ്പോസലുകളും പൂർണ്ണമായതോ കൃത്യതയുള്ളതോ അല്ലാത്തതിനാൽ കേന്ദ്രസഹായം നൽകാൻ കഴിഞ്ഞിട്ടില്ലെന്നും കൂടാതെ 31.03.2022 ന ശേഷം സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ പരിഗണിച്ചിട്ടില്ലെന്നും, യു.ജി.സി |

| | | | |
|---|---|---|---|
| | | | ശമ്പളപരിഷ്കരണത്തിന് 50% തുക Reimburse ചെയ്യുന്ന പദ്ധതി 01.04.2022 മുതൽ നിർത്തലാക്കി യതായും കേരളമടക്കമുള്ള 22 സംസ്ഥാനങ്ങളെ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | കോടിക്കണക്കിന് രൂപയുടെ കേന്ദ്ര സഹായം നഷ്ടപ്പെടുത്തിയ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ശക്തമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | ഏഴാം ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതു മൂലമുള്ള സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് 750 കോടിയുടെ Reimbursement പ്രപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാന സർക്കാരുകൾ സമർപ്പിച്ച മിക്ക പ്രൊപ്പോസലുകളും പൂർണ്ണമായതോ കൃത്യതയുള്ളതോ അല്ലാത്തതിനാൽ കേന്ദ്രസഹായം നൽകാൻ കഴിഞ്ഞിട്ടില്ലെന്നും കൂടാതെ 31.03.2022 ന് ശേഷം സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ പരിഗണിച്ചിട്ടില്ലെന്നും, യു.ജി.സി ശമ്പളപരിഷ്കരണത്തിന് 50% തുക Reimburse ചെയ്യുന്ന പദ്ധതി 01.04.2022 മുതൽ നിർത്തലാക്കി യതായും കേരളമടക്കമുള്ള 22 സംസ്ഥാനങ്ങളെ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ഇ) | യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണത്തെ തുടർന്ന് ജനുവരി 2016 മുതൽ മാർച്ച് 2019 വരെയുള്ള ശമ്പളകുടിശ്ശിക, കോളേജ് അദ്ധ്യാപകരുടെ പി.എഫി.ൽ ലയിപ്പിക്കും എന്ന് സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടും ശമ്പള പരിഷ്കരണം നടപ്പിലാക്കി ഒന്നര വർഷം കഴിഞ്ഞതിന് ശേഷവും പ്രസ്തുത കുടിശ്ശിക അനുവദിക്കാത്തത് എന്തുകൊണ്ടാണ്; ഈ കാലയളവിലെ കുടിശ്ശിക അനുവദിച്ച് ജീവനക്കാരുടെ പി.എഫിലേക്കു ലയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ